# Malayala Manorma

## 18 June 2018

## Thiruvananthapuram: Heavy rain, River over flows, landslides



# മഴ: നദികൾ കരകവിയുന്നു; മണ്ണിടിച്ചിൽ; നാശനഷ്ടം

**മനോരമ ലേഖകർ**

മഴ കനത്തതോടെ നദികൾ കരകവിഞ്ഞു; അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നു. പലയിടത്തും മണ്ണിടിച്ചിലുണ്ടായി. കോട്ടയം ജില്ലയിൽ മീനച്ചിലാറും മണിമലയാറും കരകവിഞ്ഞു തുടങ്ങി. ഈരാറ്റുപേട്ട തെക്കേക്കരയിൽ മണ്ണിടിഞ്ഞു. മരം വീണതിനെ തുടർന്നു ചിങ്ങവനത്തു കോർബ എക്സ്പ്രസ് അര മണിക്കൂറോളം പിടിച്ചിട്ടു. രണ്ടു ദിവസത്തിനുള്ളിൽ 154 വീടുകൾ തകർന്നു.

ഇടുക്കി ജില്ലയിൽ ഒട്ടേറെയിടങ്ങളിൽ മണ്ണിടിച്ചിലുണ്ടായി. ആനച്ചാൽ ആലിൻചുവടിനു സമീപം മൂന്നാർ റോഡിൽ നിർമാണത്തിലിരുന്ന നാലുനില റിസോർട്ട് തകർന്നുവീണു. തേക്കടിയിലെ ബോട്ടിങ്, ബാംബൂ റാഫ്റ്റിങ് എന്നിവ നിർത്തിവച്ചു. ഇന്നലെ ഉച്ചയ്ക്കു ശേഷമുള്ള ട്രിപ്പുകൾ ഉപേക്ഷിച്ചു. ഇന്നും ബോട്ടിങ് ഉണ്ടാവില്ല. കാലാവസ്ഥ അനുകൂലമാണെങ്കിൽ നാളെ മുതൽ സർവീസ് പുനരാരംഭിക്കും.

നീരൊഴുക്കു ശക്തമായതോടെ കല്ലാർകുട്ടി അണക്കെട്ടിന്റെ അഞ്ചു ഷട്ടറുകളും ഇന്നലെ ഒരടി വീതം ഉയർത്തി. ലോവർ പെരിയാർ അണക്കെട്ടിന്റെ ലോവർവെന്റ് 1.5 മീറ്ററും ഷട്ടർ 30 സെന്റിമീറ്ററും ഉയർത്തി. മഴയും നീരൊഴുക്കും ശക്തമായി തുടരുന്ന സാഹചര്യത്തിൽ കൂടുതൽ വെള്ളം തുറന്നുവിടേണ്ടി വരുമെന്നു കെഎസ്ഇബി അധികൃതർ വ്യക്തമാക്കി. മലങ്കര ഡാമിലെ നാലു ഷട്ടറുകൾ തുറന്നു. മൂന്നു ഷട്ടറുകൾ 50 സെന്റിമീറ്റർ വീതവും ഒരു ഷട്ടർ ഒരു മീറ്ററും ആണ് ഉയർത്തിയത്.

പത്തനംതിട്ട ജില്ലയിലെ മൂഴിയാർ ഡാം തുറക്കുമെന്നു മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

കുരുമ്പൻമുഴി കോസ്‌വേ വെള്ളത്തിൽ മുങ്ങിയതോടെ കുരുമ്പൻമുഴി, മണക്കയം ആദിവാസി കോളനികളിലെ 400 വീടുകൾ ഒറ്റപ്പെട്ടു. ഇവിടെ രണ്ടായിരത്തോളം പേർ താമസിക്കുന്നുണ്ട്.

• ( പേജ് 7 കാണുക) •